ഉത്തരം

(എ&ബി) സംസ്ഥാനത്ത് കൊല്ലം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ നിന്ന് യഥാക്രമം 3,58,500 രൂപ, 56,10,000 രൂപ, 18,33,000 രൂപ അനധികൃതമായി കടത്തിക്കൊണ്ടുവന്നത് പിടിച്ചെടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണത്തിനായി എൻഫോഴ്സ്മെന്റ് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. ഈ പണത്തിന്റെ പ്രഭവസ്ഥാനം കണ്ടെത്തുന്നത് സംബന്ധിച്ച് എൻഫോഴ്സ്മെന്റ് വിഭാഗം അന്വേഷണം ഏറ്റെടുത്തിട്ടുള്ളതിനാൽ കൂടുതൽ വിവരങ്ങൾ ലഭ്യമല്ല.

തീരദേശ സംരക്ഷണ സ്റ്റേഷനുകൾ

48 (4483) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എ. കെ. മണി :
ശ്രീ. വി. ഡി. സതീശൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തീരദേശ സംരക്ഷണ സ്റ്റേഷനുകൾ ആരംഭിക്കാൻ ഉദ്ദേശ്യമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രയെണ്ണം എവിടെയെല്ലാമാണ് സ്ഥാപിക്കുന്നതെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് 'തീരദേശ പോലീസ് സേന' രൂപീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. 12 ജില്ലാ ബേസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശമാണ് പരിശോധിക്കുന്നത്. (ലിസ്റ്റ് താഴെ ചേർക്കുന്നു.)*

സംസ്ഥാനത്ത് തീരദേശ സംരക്ഷണ സേനയുടെ ഭാഗമായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ജില്ലാ ബേസ് സ്റ്റേഷനുകൾ :

1.	തിരുവനന്തപുരം സിറ്റി	..	വിഴിഞ്ഞം
2.	തിരുവനന്തപുരം റൂറൽ	..	അഞ്ചുതെങ്ങ്
3.	കൊല്ലം	..	പള്ളിത്തോട്ടം
4.	ആലപ്പുഴ	..	ആർത്തുങ്കൽ
5.	എറണാകുളം റൂറൽ	..	ഞാറയ്ക്കൽ
6.	കൊച്ചി സിറ്റി	..	ഫോർട്ട് കൊച്ചി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

7.	തൃശൂർ	..	വാടാനപ്പള്ളി
8.	മലപ്പുറം	..	താനൂർ
9.	കോഴിക്കോട് സിറ്റി	..	ബേപ്പൂർ
10.	കോഴിക്കോട് റൂറൽ	..	പയ്യോളി
11.	കണ്ണൂർ	..	കണ്ണൂർ സിറ്റി
12.	കാസർകോട്	..	ബേക്കൽ

തീരപ്രദേശങ്ങളിലെ രക്ഷാപ്രവർത്തനത്തിന് 'വയർലസ് ശൃംഖല' രൂപവൽക്കരിക്കാൻ നടപടി

49 (4484) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരപ്രദേശങ്ങളിലെ രക്ഷാപ്രവർത്തനത്തിന് 'വയർലെസ് ശൃംഖല' രൂപവൽക്കരിക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ ;

(ബി) 'വയർലെസ് ശൃംഖല' ഏർപ്പെടുത്തുകവഴി മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് എങ്ങനെ പ്രയോജനം ലഭിക്കുമെന്ന് അറിയിക്കാമോ ;

(സി) ഇതു സംബന്ധിച്ച് പ്രാഥമിക ആലോചനകൾ നടന്നിട്ടുണ്ടോ എന്ന് പറയാമോ ;

(ഡി) 'വയർലസ് ശൃംഖല' രൂപവൽക്കരിക്കുന്നതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തീരദേശ ജില്ലകളെയും തലസ്ഥാന നഗരിയിൽ പ്രവർത്തിക്കുന്ന ഫിഷറീസ് ഓഫീസുകളുമായി ബന്ധപ്പെടുത്തി വയർലെസ് ശൃംഖല സ്ഥാപിക്കുവാൻ പദ്ധതിയുണ്ട്. ഇതിന്റെ ഒന്നാംഘട്ടം തിരുവനന്തപുരം മുതൽ എറണാകുളം വരെ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മത്സ്യബന്ധന പ്രവൃത്തിയിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് കടലിൽ വച്ച് ആശയവിനിമയം നടത്തുവാനും അപകടത്തിൽപ്പെട്ടാൽ ആ വിവരം മറ്റ് മത്സ്യത്തൊഴിലാളികളെയും, തീരപ്രദേശത്ത് പ്രവർത്തിക്കുന്ന മത്സ്യവകുപ്പ്, പോലീസ് ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർ, കോസ്റ്റുഗാർഡ്, നേവി എന്നിവരെ അറിയിക്കുവാനും രക്ഷാപ്രവർത്തനം നടത്തുവാനും ഈ സംവിധാനം പ്രയോജനപ്പെട്ടുവരുന്നു.

(സി) വിശദമായ ചർച്ചകൾ നടത്തി പദ്ധതിയുടെ വിജയസാദ്ധ്യത വിലയിരുത്തിയശേഷമാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

(ഡി) 127 ലക്ഷം രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly